# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.04.2025**

### പ്രധാനവാർത്തകൾ

RNU TVPM

1. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കുന്നതിന് വിവിധ രാജ്യങ്ങളിലേക്ക് പ്രതിനിധി സംഘങ്ങളെ അയക്കാൻ കേന്ദ്രസർക്കാർ. സംഘങ്ങളെ നയിക്കുക ഭരണപ്രതിപക്ഷ അംഗങ്ങൾ.
2. സ്കൂൾ പരിസരങ്ങളിൽ അപകടാവസ്ഥയിലുള്ള എല്ലാ കെട്ടിട ഭാഗങ്ങളും സ്കൂൾ തുറക്കും മുൻപ് പൊളിച്ചുനീക്കാൻ നിർദേശം നൽകി സംസ്ഥാന സർക്കാർ.
3. സംസ്ഥാനത്ത് മീസൽസ്, റുബെല്ല വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് പ്രത്യേക ക്യാമ്പയിൻ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.
4. ആലപ്പുഴയിൽ നെല്ല് സംഭരണം പ്രതിസന്ധിയിലായ പാടങ്ങളിൽ നിന്ന് നെല്ല് ശേഖരിക്കാൻ നടപടിയുമായി കൃഷി വകുപ്പ്.
5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മോശം

**കാലാവസ്ഥ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.**

&&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി - അമൃത് ഭാരത്**

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവേ സ്റ്റേഷനുകൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22 ന് ഉദ്ഘാടനം ചെയ്യും. രാജസ്ഥാനിലെ ബിക്കാനീറിലാണ് ഉദ്ഘാടന ചടങ്. പ്രാദേശിക സംസ്കാരവും പൈതൃകവും പ്രദർശിപ്പിക്കുന്ന തരത്തിലാണ് ആധുനിക സൗകര്യങ്ങളോടെ സ്റ്റേഷനുകൾ നവീകരിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&&

**പ്രതിനിധി സംഘം**

ഓപ്പറേഷൻ സിന്ദൂറിനെ തുടർന്ന് പാകിസ്ഥാൻറെ ഭീകരബന്ധങ്ങൾ തുറന്നുകാട്ടുന്നതിനായി വിവിധ രാജ്യങ്ങളിലേക്ക് പ്രതിനിധി സംഘങ്ങളെ അയക്കാൻ പദ്ധതിയുമായി കേന്ദ്രസർക്കാർ. കോൺഗ്രസ് നേതാവ് ശശി തരൂർ, ബിജെപിയുടെ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെഡിയുവിൻറെ സഞ്ജയ് കുമാർ ഝാ, ഡിഎംകെ അംഗം കനിമൊഴി കരുണാനിധി, എൻസിപി അംഗം സുപ്രിയ സുലെ, ശിവസേനയുടെ ശ്രീകാന്ത് ഏകനാഥ് ഷിൻഡെ എന്നിവർ പ്രതിനിധി

RNUTVPM

സംഘങ്ങളെ നയിക്കും. ഈ മാസം അവസാനം യുഎൻ സുരക്ഷാ സമിതിയിലെ അംഗരാജ്യങ്ങൾ ഉൾപ്പെടെയുള്ള പ്രധാന പങ്കാളിത്ത രാഷ്ട്രങ്ങളിൽ സംഘം സന്ദർശനം നടത്തും.

&&&&&&&&&&&&&&&&&&

**ശാസ്ത്രപഠനം-മുഖ്യമന്ത്രി**

സ്റ്റാർട്ടപ്പ് രംഗത്ത് ഏഷ്യയിൽ തന്നെ ഏറ്റവും മികച്ച പ്രകടനമാണ് കേരളം നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ശാസ്ത്ര സാങ്കേതിക മേഖലയിലെ പ്രൊഫഷണലുകളുമായി തിരുവനന്തപുരത്ത് സംവദിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ അഭിപ്രായങ്ങളിൽ നയ രൂപീകരണമടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**ആലപ്പുഴ (ഇൻട്രോ )**

ആലപ്പുഴയിൽ നെല്ല് സംഭരണം പ്രതിസന്ധിയിലായ പാടങ്ങളിൽ നിന്ന് നെല്ലെടുപ്പ് ആരംഭിച്ച് കൃഷി വകുപ്പ്. ഉപ്പുവെള്ളം കയറിയും അത്യുഷ്ണം മൂലവും, വിളവും ഗുണനിലവാരവും കുറഞ്ഞതിനാൽ, സപ്ലൈകോ മുഖാന്തിരമുള്ള നെല്ലെടുപ്പ് പ്രതിസന്ധിയിലായ പാടങ്ങളിൽ

നിന്നാണ് നെല്ല് സംഭരിക്കുന്നത്. ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ തയാറാക്കിയ റിപ്പോർട്ട്...

( വോയിസ്....)

&&&&&&&&&&&&&&&&&&&

**ഉന്നതതലയോഗം**

സംസ്ഥാനത്തെ സ്കൂൾ പരിസരങ്ങളിൽ അപകടാവസ്ഥയിലുള്ള എല്ലാ കെട്ടിട ഭാഗങ്ങളും സ്കൂൾ തുറക്കും മുൻപ് പൊളിച്ചുനീക്കാൻ നിർദേശം. മന്ത്രിമാരായ എം ബി രാജേഷിന്റേയും , വി ശിവൻകുട്ടിയുടേയും നേതൃത്വത്തിൽ ചേർന്ന ഉന്നതതലയോഗത്തിലാണ് തീരുമാനം. ഇതുമായി ബന്ധപ്പെട്ട നിർദേശം ജില്ലാ കളക്ടർമാർ നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ പൊളിച്ചുനീക്കുകയും ചെയ്യും. പഴയ കെട്ടിടങ്ങൾക്ക് സമീപമായതിനാൽ പുതിയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് കിട്ടാത്ത സാഹചര്യവും നിലവിലുണ്ടെന്ന് യോഗം വിലയിരുത്തി.

RAJU TVPM

&&&&&&&&&&&&&&&&&&&

**മീസൽസ് റൂബെല്ല-ക്യാമ്പയിൻ**

മീസൽസ് റൂബെല്ല രോഗ നിവാരണം ലക്ഷ്യമിട്ട് 5 വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണ്ണമാക്കാൻ പ്രത്യേക ക്യാമ്പയിൻ ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്. ഈ മാസം 19 മുതൽ 31 വരെയാണ്

ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലുടനീളവും, മറ്റ് 8 ജില്ലകളിൽ വാക്സിനേഷൻ കവറേജ് കുറഞ്ഞ പ്രദേശങ്ങളിലും ക്യാമ്പയിൻ സംഘടിപ്പിക്കും. കുഞ്ഞുങ്ങൾക്ക് വാക്സിൻ എടുത്തു എന്ന് എല്ലാവരും ഉറപ്പാക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**പത്തനംതിട്ട എൻറെ കേരളം(ഇൻട്രോ )**

സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പത്തനംതിട്ട ശബരിമല ഇടത്താവളത്തിൽ ഈ മാസം 22വരെ നടക്കുന്ന എൻറെ കേരളം പ്രദർശന വിപണന കലാമേളയിൽ ജനത്തിരക്കേറുന്നു. അവധിക്കാലമായതിനാൽ കുടുംബമായി മേള കാണാനെത്തുന്നവരാണ് ഏറെയും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**എൻറെ കേരളം – തിരുവനന്തപുരം കൊച്ചി**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം

RNU TVPM

പ്രദർശനവിപണന മേളയ്ക്ക് എറണാകുളത്തും തിരുവനന്തപുരത്തും തുടക്കം. ഈ മാസം 23 വരെയാണ് പ്രദർശന വിപണനമേള. തിരുവനന്തപുരത്ത് മന്ത്രി വി ശിവൻകുട്ടി മേളയുടെ ഉദ്ഘാടനം നിർവഹിച്ചു. എറണാകുളത്തെ മേള മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

**വിധി തിങ്കളാഴ്ചയിലേക്ക് മാറ്റി.**

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ മർദിച്ച കേസിൽ പ്രതി ബെയ്‌ലിൻ ദാസിന്റെ ജാമ്യാപേക്ഷയിൽ വിധി തിങ്കളാഴ്ചത്തേക്ക് മാറ്റി. തിരുവനന്തപുരം വഞ്ചിയൂർ ജുഡീഷ്യൽ മജിസ്ട്രേറ്റ് ഫസ്റ്റ് ക്ലാസ് പന്ത്രണ്ടാം കോടതിയാണ് ജാമ്യം നിഷേധിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

**നല്ല വാർത്ത**

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് . പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## മൂന്നാറിൽ കടുവ

ഇടുക്കി മൂന്നാറിലെ ജനവാസമേഖലയിൽ വീണ്ടും കടുവ സാന്നിധ്യം സ്ഥിരീകരിച്ച് വനം വകുപ്പ്. മാട്ടുപ്പെട്ടി ആർ ആൻറ് റ്റി എസ്റ്റേറ്റിലാണ് തൊഴിലാളികൾ കടുവകളെ കണ്ടത്. മൂന്ന് ദിവസത്തേയ്ക്ക് പ്രദേശത്ത് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് കടുവകളുടെ കാൽപ്പാടുകളാണ് കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&

## ഡി എഫ് ഒ-കണ്ണൂർ

നിലമ്പൂർ സൗത്ത് ഡി എഫ് ഒയെ സ്ഥലം മാറ്റിയത് എം എൽ എ അടക്കമുള്ള നാട്ടുകാർ വീഴ്ച ചൂണ്ടിക്കാട്ടിയത് കൊണ്ടാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. മലപ്പുറം കടുവാ ദൗത്യത്തെ സ്ഥലംമാറ്റം ബാധിക്കില്ലെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു. വനംവകുപ്പിനെതിരെയുള്ള വിമർശനങ്ങൾ ഗൗരവത്തോടെ കാണുന്നതായും മന്ത്രി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

## ഇടുക്കി(ഇൻട്രോ

ഇടുക്കിയുടെ കുടിയേറ്റ ചരിത്രം പറയുന്ന സ്മാരകവും ടൂറിസം വില്ലേജും മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഇടുക്കി പാർക്കിൽ

നടന്ന ഉദ്ഘാടന ചടങ്ങിൽ മന്ത്രി റോഷി അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**ടി നാരായണൻ അന്തരിച്ചു**

കേന്ദ്ര സർക്കാർ ജീവനക്കാരുടെ സംഘടനാ നേതാവും സാമൂഹികപ്രവർത്തകനും എഴുത്തുകാരനുമായ ടി. നാരായണൻ തിരുവനന്തപുരത്ത് അന്തരിച്ചു. 85 വയസായിരുന്നു. ശിശുക്ഷേമ സമിതിയുടെ ട്രഷററായി ഏറെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭൗതികദേഹം നാളെ 2 മണി മുതൽ ശിശുക്ഷേമസമിതിയിൽ പൊതുദർശനത്തിനു വയ്ക്കും. സംസ്കാരം നാളെ വൈകുന്നേരം 4.30ന് തൈക്കാട് ശാന്തി കവാടത്തിൽ.

&&&&&&&&&&&&&&&&&&

**ലക്ഷദ്വീപ് - ഹജ്ജ് സംഘം**

ലക്ഷദ്വീപിൽ നിന്നുള്ള ഹജ്ജ് തിർത്ഥാടക സംഘം കപ്പൽ മാർഗ്ഗം കൊച്ചിയിലേക്ക് യാത്ര തിരിച്ചു. 57 പുരുഷൻമാരും 54 സ്ത്രീകളും ഉൾപ്പടെ 112 പേരാണ് സംഘത്തിലുള്ളത്. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒരുക്കിയ പ്രത്യേക ഹജ്ജ് ക്യാംപിൽ തങ്ങിയതിന് ശേഷം

ഈ മാസം 20 ന് തീർത്ഥാടക സംഘം ജിദ്ദയിലേക്ക് പുറപ്പെടും.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു. മോശം കാലാവസ്ഥയ്ക്ക് സാധ്യതയുള്ളതിനാൽ കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 20 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

## വി.അബ്ദുറഹിമാൻ (ഇൻട്രോ)

ഫുട്ബോൾ ഇതിഹാസം ലയണൽ മെസിയും അർജൻറീന ഫുട്ബോൾ ടീമും കേരളത്തിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നതായി കായികമന്ത്രി വി.അബ്ദുറഹിമാൻ. സ്പോൺസർ കമ്പനി പണമടച്ചാൽ അർജന്റീന ടീം

കേരളത്തിൽ എത്തുന്നതിന് മറ്റ് തടങ്ങളില്ലെന്ന് അദ്ദേഹം പറഞ്ഞു. സംഘം എത്തിയാൽ മത്സരത്തിന് സ്റ്റേഡിയങ്ങൾ സജ്ജമാണെന്നും ആശങ്ക വേണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. സ്പോൺസർ കമ്പനി പണം നൽകാത്തതിനാൽ മെസി എത്തില്ല എന്ന ആരോപണങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. (ഹോൾഡ്)

&&&&&&&&&&&&&&&&&&&

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും തമ്മിൽ ഏറ്റുമുട്ടും. രാത്രി 07.30 ന് ബംഗളൂരു ചിന്ന സ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

&&&&&&&&&&&&&&&&&&&

**ലോകായുക്ത-ക്യാമ്പ് സിറ്റിംഗ്-**

കേരള ലോകായുക്ത ഈ മാസം 27 മുതൽ 30 വരെ കണ്ണൂരും കോഴിക്കോടും സിറ്റിംഗ് നടത്തും. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാറും ഉപ ലോകായുക്ത ജസ്റ്റിസ് ഷെർസി വി. യും ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് സിറ്റിംഗ് നടത്തുന്നത്. 26 മുതൽ 30 വരെ ഉപലോകായുക്ത ജസ്റ്റിസ് അശോക് മേനോൻ തിരുവനന്തപുരത്ത് സിംഗിൾ ബെഞ്ച്

സിറ്റിംഗും നടത്തും. പുതിയ പരാതികളും സിറ്റിങ്ങുകളിൽ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM